Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214, E-mail: poc@kcbcsite.com
www.kcbcsite.com

**22.07.2017**

All Kerala Press Release
*Ref: 228POC/DIR*

## രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ യുവജനങ്ങളെക്കുറിച്ചുള്ള സ്വപ്നം സാക്ഷാത്കരിക്കുക: ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

കൊച്ചി: കൂടുതൽ നീതിയുക്തവും പരസ്പര സൗഹാർദത്തിലധിഷ്ഠിതവുമായ ഒരു ലോകം സൃഷ്ടിക്കാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് ആർച്ചുബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ ആഹ്വാനം ചെയ്തു. 2018 ഒക്ടോബർമാസം 'യുവജനം വിശ്വാസം വിളിസംബന്ധമായ വിവേചിച്ചറിയൽ' എന്ന വിഷയത്തെ ആസ്പദമാക്കി റോമിൽ നടക്കുന്ന 15-ാം മെത്രാൻ സിനഡിന്റെ ഒരുക്കരേഖയുടെ പഠനശിബിരം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സിനഡിലൂടെ പുതിയൊരു സമീപനം അവതരിപ്പിച്ചുകൊണ്ട് ഒരാത്മശോധന നടത്താനാണ് സഭ ഉദ്ദേശിക്കുന്നതെന്നും ഇതിനായി യുവജനങ്ങളെ ശ്രവിക്കാൻ സഭ സന്നദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന വിവിധ യുവജനസംഘടനകളുടെ പ്രതിനിധികളും, 31 രൂപതാ യുവജനഭാരവാഹികളും ഈ പഠനശിബിരത്തിൽ പങ്കെടുത്തു.

ഉദ്ഘാടന ചടങ്ങിൽ പിഒസി ഡയറക്ടർ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. വിവിധ യുവജന സംഘടനകളുടെ ആനിമേറ്റർ വൈദികരും അല്മായ നേതാക്കളും ആശംസകളർപ്പിച്ചു. റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, റവ. ഫാ. ജോളി വടക്കൻ, റവ. ഡോ. സെബാസ്റ്റ്യൻ പുത്തേൻ, റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒഐസി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി/
ഡയറക്ടർ, പിഒസി

ഫോട്ടോമാറ്റർ: റോമിൽ നടക്കുന്ന 15-ാം മെത്രാൻ സിനഡിന്റെ ഒരുക്കരേഖയുടെ പഠനശിബിരം ആർച്ചുബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒഐസി, ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, ഫാ. മാത്യു എസ്.ഡി.ബി., സിറിയക് ചാഴിക്കാടൻ (മിജാരക്), റീത്ത (സി.എൽ.സി) എന്നിവർ മുൻനിരയിൽ